പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 321 11.06.2012 - ൽ മറുപടിയ്ക്ക്

## ലാവ്‌ലിൻ കേസിന്റെ അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എം.എ. വാഹീദ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ലാവ്‌ലിൻ കേസിന്റെ അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | എ) ലാവ്‌ലിൻ കേസിന്റെ അന്വേഷണം സി.ബി.ഐ പൂർത്തിയാക്കുകയും കോടതി മുമ്പാകെ 12.06.2009 ൽ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിരുന്നു. വിചാരണ കോടതിയുടെ ഉത്തരവനുസരിച്ച് കേസിൽ തുടരന്വേഷണം നടത്തുകയും തുടരന്വേഷണ റിപ്പോർട്ട് 19.12.2011 ൽ കോടതി മുമ്പാകെ സി.ബി.ഐ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) പ്രതി പട്ടികയിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; | ബി) പ്രതി പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നവരുടെ പേരു വിവരം താഴെ കൊടുത്തിരിക്കുന്നു.<br><br>1. ശ്രീ. കെ. മോഹനചന്ദ്രൻ (മുൻ ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി & കെ.എസ്.ഇ.ബി ചെയർമാൻ.)<br>2. ശ്രീ. കെ.ജി. രാജശേഖരൻ നായർ, മുൻ കെ.എസ്.ഇ.ബി മെമ്പർ (അക്കൗണ്ട്സ്)<br>3. ശ്രീ. ആർ. ശിവദാസൻ (മുൻ കെ.എസ്.ഇ.ബി ചെയർമാൻ.)<br>4. ശ്രീ. എം. കസ്തൂരിരംഗ അയ്യർ (റിട്ട. ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി)<br>5. ശ്രീ. വി.എ. സിദ്ധാർത്ഥ മേനോൻ (മുൻ കെ.എസ്.ഇ.ബി ചെയർമാൻ.)<br>6. ക്ലാസ് ട്രിൻഡൽ (സീനിയർ വൈസ് പ്രസിഡന്റ്, |

എസ്.എൻ.സി ലാവ്‌ലിൻ, കാനഡ)

7. ശ്രീ. പിണറായി വിജയൻ (മുൻ വൈദ്യുതി വകുപ്പു മന്ത്രി)
8. ശ്രീ. എ. ഫ്രാൻസിസ് (റിട്ട. ജോയിന്റ് സെക്രട്ടറി) ഊർജ്ജ വകുപ്പ്
9. ക്ലാസ് ട്രിൻഡൽ പ്രതിനിധിയായ എസ്.എൻ.സി ലാവ്‌ലിൻ കമ്പനി

| | |
|---|---|
| **സി.)** കേസ് സംബന്ധിച്ച് വിചാരണ സി) തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ? | **കേസിലെ 6-ാം പ്രതി ക്ലാസ് ട്രെൻഡൽ, 9-ാം പ്രതി എസ്.എൻ.സി ലാവ്‌ലിൻ കമ്പനിയും കോടതി മുമ്പാകെ ഹാജരായിട്ടില്ല. ശ്രീ. ക്ലാസ് ട്രിൻഡലിനെതിരെ Extradition നടപടികൾ പുരോഗമിച്ചു വരുന്നു. കേസിൻെറ അടുത്ത ഹിയറിംഗ് 10.07.2012 ന് വച്ചിട്ടുണ്ട്.** |

Mayhely

സെക്ഷൻ ഓഫീസർ.